"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - കൊച്ചി കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി മേരി ഡെൻസി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, മുമ്പാകെ സമർപ്പിച്ച ഒ.എ (ഇ.കെ.എം) 1129/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1836/2023/LSGD തീയതി,തിരുവനന്തപുരം, 18-09-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി. മേരി ഡെൻസി സർക്കാരിൽ സമർപ്പിച്ച 05.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ8)
3. ശ്രീമതി. മേരി ഡെൻസി ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ (ഇ.കെ.എം) 1129/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023 തീയതിയിലെ LSGD/PD/50134/2023-DEC1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കൊച്ചി കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി മേരി ഡെൻസി സമർപ്പിച്ച പരാമർശം 2 അപ്പീൽ (അനക്ഷർ എ8) പ്രകാരം, തന്നെ മാവേലിക്കര നഗരസഭയിലേക്ക് സ്ഥലം മാറ്റിയ പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ ഉത്തരവ് പുനപരിശോധിച്ച് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റം നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി. മേരി ഡെൻസി ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) 1129/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക സമർപ്പിച്ച അനക്ഷർ എ8 അപ്പീൽ അപേക്ഷ പരിഗണിച്ച് ആയതിൽ ഒരു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി മേരി ഡെൻസി സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പ്രകാരം, 03.09.2019 മുതൽ കൊച്ചി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന താൻ പൊതു സ്ഥലമാറ്റവുമായ ബന്ധപ്പെട്ട് ഓൺലൈനായി

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നതായും, എന്നാൽ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ താൻ ഓപ്ഷൻ നൽകിയിട്ടില്ലാത്ത മാവേലിക്കര നഗരസഭയിലേക്ക് സ്ഥലം മാറ്റം നൽകിയതായി അറിയിക്കുന്നു. ഭർത്താവ് പോലീസ് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതനുസരിച്ച് തനിക്ക് സ്ഥലംമാറ്റത്തിന് അനുകമ്പാർഹമായ മുൻഗണനലഭിച്ചിട്ടില്ലാത്തതും തന്റെ മക്കൾ, അമ്മ എന്നിവരുടെ സംരക്ഷണത്തിനായി തന്റെ ഓപ്ഷൻ പ്രകാരമുള്ള സ്ഥലംമാറ്റത്തിനുള്ള അപ്പീൽ നിരസിച്ചിട്ടുള്ളതായും അറിയിക്കുന്നു. നോംസ് പ്രകാരം 3 വർഷം പൂർത്തിയായിട്ടും സ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെടാത്ത ജീവനക്കാരെ നഗരസഭകളിൽ നിലനിർത്തിയിട്ടുള്ളതായും അറിയിക്കുന്നു. തന്റെ അവസ്ഥ പരിഗണിച്ച് കൊച്ചി, ചേർത്തല താലൂക്കുകളിലേയോ ദിവസേനപോയി വരുന്നതിന് സൗകര്യമുള്ള സ്റ്റേഷനുകളിൽ നിയമിക്കണമെന്ന് ടിയാൾ അപേക്ഷിക്കുകയുണ്ടായി..

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളും 22-03-2023 തിയതിയിലെ സ ഉ (കൈ) നം 79/2023/തസ്വഭവ പ്രകാരം. അംഗീകരിച്ച് ഉത്തരവായിരുന്നതായും, ഏകികൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നും, 2023 ഓൺലൈൻ പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ഇൻകമ്പൻസി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് 06/03/2023 തിയതിയിലെ LSGD/PD/1224/2023/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതായും അറിയിക്കുന്നു. എന്നാൽ സോഫ്റ്റ് വെയറിലെ ഇൻകമ്പൻസി വിവരങ്ങൾ പരിശോധിച്ചതിൽ മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ. ചേർത്തിട്ടില്ലാത്തതിനാൽ 30/03/2023 , 11/04/2023 എന്നീ തിയതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയക്രമം ദീർഘിപ്പിച്ചു നൽകിയിരുന്നു .

4. lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ഇൻകമ്പൻസി വിവരങ്ങൾ പരിശോധിച്ചതിൽ ശ്രീമതി മേരി ഡൻസി, സീനിയർ ക്ലർക്ക്-ന് കൊച്ചി കോർപ്പറേഷനിൽ 3 വർഷവും 7 മാസവും 2 ദിവസവും (ആകെ 1310 ദിവസം ) സീനിയോറിറ്റി ഉണ്ട്. ടോട്ടൽ എലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റിയും 3 വർഷവും 7 മാസവും 2ദിവസവും (ആകെ 1310 ദിവസം ) ആണ്.ക്യൂ ലിസ്റ്റിൽ Working inside station seniority 121 ആണ്.

5. Final queue list of applicants on special priority inside district-ൽ ടിയാൾ 51 -ാം മതായി ഉൾപ്പെട്ടിരിക്കുന്നതായും, അപേക്ഷക സമർപ്പിച്ചിരുന്ന ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാർ എന്ന വിഭാഗത്തിൽ മുൻഗണന മാർക്ക് അനുവദിച്ചിരുന്നതായും, എറണാകുളം ജില്ലയിൽ നിന്നും ആലപ്പുഴ ജില്ലയിലേക്കുള്ള ക്യൂ ലിസ്റ്റിൽ ക്യൂ നമ്പർ 55 ഉം ടോട്ടൽ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി 4 വർഷവും 7 മാസവും 1 ദിവസവും (ആകെ 1491 ദിവസം) ആണ് എന്നും ജില്ലയ്ക്ക് പുറത്ത് ഹോം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയും ഹോം ജില്ലയിൽ നിന്ന് പുറത്തേക്ക് സ്ഥലം മാറുന്നതിന് ഇൻസ്റ്റേഷൻ സിനിയോറിറ്റിയും മേൽപ്പറഞ്ഞവ ഒഴികെയുള്ള ജില്ലാന്തര സ്ഥലംമാറ്റത്തിനും ജില്ലയ്ക്കകത്തെ സ്ഥലംമാറ്റത്തിനും സ്റ്റേഷൻ സീനിയോറിറ്റിയുമാണ് പരിഗണിക്കുന്നത് എന്നും അറിയിക്കുന്നു, എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ നഗരസഭ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എന്നിവയും ആലപ്പുഴ ജില്ലയിൽ ചേർത്തല നഗരസഭ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് എന്നിവയും

ഓപ്ഷനായി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷകയ്ക്കും മൂന്നാം എതിർ കക്ഷിയായ ശ്രീമതി സിൽവി കെ കെ എന്നവർക്കും എലിജിബിൾ സ്റ്റേഷൻ സീനിയോറിറ്റി 3 വർഷവും 7 മാസവും 2 ദിവസവും (ആകെ 1310 ദിവസം ) ആണ്. ഒരേ സ്റ്റേഷൻ സീനിയോറിറ്റി വരുന്ന സാഹചര്യങ്ങളിൽ സർവ്വീസ് സീനിയോറിറ്റി പരിഗണിക്കുമെന്നതിനാലാണ് ശ്രീമതി സിൽവി.കെ കെ യ്ക്ക് കൊച്ചി കോർപ്പറേഷനിലേക്ക് നിയമനം ലഭിച്ചിട്ടുള്ളത് എന്നും അന്തിമ സ്ഥലംമാറ്റ പട്ടികയിൽ അപേക്ഷകയെക്കാൾ അർഹതയുള്ളതും സീനിയോറിറ്റി ഉള്ള ജീവനക്കാരെയാണ് എറണാകുളം ജില്ലയിലേക്ക് നിയമിച്ചിട്ടുള്ളത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു. ശ്രീമതി. മേരി ഡൻസി നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായിട്ടുള്ളതിനാൽ ടിയാൾ നിർബന്ധിത സ്ഥലംമാറ്റത്തിൽ ഉൾപ്പെടുകയും അപേക്ഷിച്ച സ്റ്റേഷനുകളായ കൊച്ചി/ചേർത്തല താലൂക്കുകളിലെ സൌകര്യമുള്ള സ്റ്റേഷനുകളിൽ ഒഴിവില്ലാത്തതിനാൽ ഫൈനൽ ക്യൂ ലിസ്റ്റ് പ്രകാരം മാവേലിക്കര നഗരസഭയിൽ നിയമിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

6. 3 വർഷം പൂർത്തിയായിട്ടും സ്ഥലമാറ്റ അപേക്ഷ നൽകാത്ത ജീവനക്കാരെ നിലനിറുത്തിയിട്ടുണ്ട് എന്ന അപേക്ഷകയുടെ വാദം അംഗീകരിക്കാൻ കഴിയില്ലായെന്നും ശ്രീ ബിനു ജി, 20-06-2023 മുതൽ കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിൽ അന്യത്രസേവനത്തിൽ ജോലി ചെയ്തുവരുന്നതായും, പെൻ 487865, 716213 എന്നിവർ 31-05-2023 തിയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചവരാണ് എന്നും ഓപ്ഷൻ സമർപ്പിച്ച സ്റ്റേഷനുകളിൽ ഒഴിവില്ലാത്ത പക്ഷം കൊച്ചി താലൂക്കിലോ ചേർത്തല താലൂക്കിലെയോ സൌകര്യമുള്ള സ്റ്റേഷനുകളിൽ പരിഗണിക്കണമെന്ന അപേക്ഷകയുടെ ആവശ്യം പരിഗണിക്കുന്നതിന് നിർവാഹമില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

7. സർക്കാർ ഇക്കാര്യം ശ്രീമതി. മേരി ഡൻസി-യുടെ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷക ഓപ്ഷൻ നല്കിയ സ്റ്റേഷനുകളിൽ അപേക്ഷകയെക്കാൾ അർഹതയുള്ളതും സീനിയോറിറ്റി ഉള്ള ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത് എന്നതിനാലും കൊച്ചി/ചേർത്തല താലൂക്കുകളിലെ സ്റ്റേഷനുകളിൽ ഒഴിവില്ലാത്തതിനാലും ടിയാളുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിക്കുവാൻ കഴിയില്ലാത്തതാണ്.

8. മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി കൊച്ചി കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി മേരി ഡെൻസി സമർപ്പിച്ച അനക്ഷർ എ8 അപ്പീൽ അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് ആയത് നിരസിച്ച തീർപ്പാക്കി ഉത്തരവാകുന്നു.

9. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ (ഇ.കെ.എം.) 1129/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി മേരി ഡെൻസി, സീനിയർ ക്ലർക്ക്, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-09-2023 11:09:00
സെക്ഷൻ ഓഫീസർ